# അഗപെ കയ്യെഴുത്തു മാസിക

agape

VOLUME - XIX



follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# താളുകൾ മറിക്കുമ്പോൾ...


മുഖവുര

ദൈവം തിരഞ്ഞെടുത്തത് ഭോഷത്വമായതിനെ
ലേഖനം. സാജു ജോൺ മാത്യു.

ജനത്തിന്റെ ഇഷ്ടത്തെക്കാൾ ആവശ്യത്തിനു പ്രാധാന്യം കൊടുക്കുക.
ലേഖനം. പാസ്റ്റർ. ബി. മോനച്ചൻ


അനുഗ്രഹം
ലേഖനം. ബെന്നി. ജോർജ്ജ്. മണലി.

ഉവ്വ് കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു.
ലേഖനം. ജസ്റ്റിൻ ബാബു. കുറവുഴ

പഴയ പാട്ടുകൾ
സാധു കൊച്ചുകുഞ്ഞു ഉപദേശി രചിച്ച ഗാനങ്ങൾ

ചോദ്യാവലി.

# മുഖവുര



## - മുഖവുര -

വിശ്വാസ സമൂഹം നൂറ്റാണ്ടുകളായി കാത്തിരുന്ന സമയം സമാഗതമായി. ചില ലക്ഷണങ്ങളും ലോകത്തിന്റെ സംഭവ വികാസങ്ങളും അതിലേക്ക് വിരൽ ചൂണ്ടുമ്പോൾ, ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും ആത്മാവിനെ എപ്പോഴും ത്രസിപ്പിച്ചു കൊണ്ടിരുന്ന അന്ത്യ മണവാളന്റെ മടങ്ങിവരവ്.

സമൂഹ മാധ്യമത്തിലും അടുത്തായും കർത്താവിന്റെ വരവിന്റെ അവസാന മുന്നറിയിപ്പ് പോലെ പോസ്റ്റുകളും ലേഖനങ്ങളും മറ്റും പ്രത്യക്ഷപ്പെടുന്നുണ്ട്. അവധിക്കാലങ്ങളും, വാരാന്ത്യ അവധികളും ആസ്വദിച്ച് ഫോട്ടോ എടുത്ത് മറ്റുള്ളവരെ അറിയിക്കുവാൻ മത്സരിച്ചവർ, സമൂഹ മാധ്യമം ഉപയോഗിച്ചവരും സുവിശേഷ വചനങ്ങളും മറ്റും രാവിലെയും വൈകിട്ടും പോസ്റ്റ് ചെയ്യുവാൻ തുടങ്ങിയിട്ടുണ്ട്. വിശ്വാസികളിൽ നല്ലൊരു ശതമാനത്തിനും യേശു കർത്താവിന്റെ മടങ്ങി വരവ് ഒരു പക്ഷേ പേടി സ്വപ്നമായിരിക്കും. കാരണം തങ്ങളുടെ ജീവിതം തങ്ങൾക്കു തന്നെയല്ലേ അറിയൂ.

ഈ പേടിയൊന്നുമില്ലാതെ കസേരയ്ക്കും പണത്തിനും മറ്റും വേണ്ടി വിശ്വാസ നേതൃത്വം കടിപിടികൂടുകയാണ്. കോടാനുകോടി വർഷങ്ങൾ, അല്ല നിത്യത മുഴുവൻ, മണവാളനോടു കൂടി ജീവിക്കുവാൻ സകലതും ഉപേക്ഷിച്ച് ഇറങ്ങി തിരിച്ചിട്ട്, സന്യവരെ വെറും കോഴിയിട്ട് മുടം ഉടച്ചതിരിയാകും എന്നു തോന്നുന്നു.

ഇതു ദ്രവ്യം സമ്പാദിപ്പാനും, വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നിവ നേടിപ്പാനും ഉള്ള സമയം എന്നു തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ; അപ്പോസ്തലന്മാരുടെ കാലത്തെ പോലെ എല്ലാം പൊതുവക എന്നെണ്ണി ആരും ഒന്നിലും മുട്ടില്ലാത്തവരായിരുന്നുവെങ്കിൽ...

എന്നാൽ നമ്മുടെ കാന്തൻ പറഞ്ഞതുപോലെ "വിളിക്കപ്പെട്ടവർ അനേകർ, തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം." ആ ചുരുക്കത്തിൽ-ഞാനും ഉണ്ടാകണമെ എന്നു പ്രാർത്ഥിക്കാം. ദൈവം അതിനായ് നമ്മെ സഹായിക്കട്ടെ!



# ദൈവം തിരഞ്ഞെടുത്തത് ഭോഷത്വമായതിനെ

ലേഖനം. സാജു ജോൺ മാത്യു.



വിശ്വാസ ജീവിതം ഈ ലോക ജ്ഞാനികൾ മിക്കവരും തിരഞ്ഞെടുക്കാറില്ല. സകലതും അവർക്കു സ്വയം ചെയ്യുവാൻ സാധിക്കുമെന്നാണ് അവർ നിരൂപിക്കുന്നത്.

# ദൈവം തിരഞ്ഞെടുത്തത് ഭോഷത്വമായതിനെ.

ലേഖനം:- ബ്രദർ ജോൺ മാത്യു.

വായനാഭാഗം:- 1 കൊരിന്ത്യർ 1:16-31
വാക്യം:- 1 കൊരിന്ത്യർ 1:27.

ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു.

വിശ്വാസ ജീവിതം ഇന്ന് ലോകജ്ഞാനികൾ മിക്കവരും തിരഞ്ഞെടുക്കാറില്ല. സകലതും അവർക്കു തന്നെ സ്വയം ചെയ്യുവാൻ സാധിക്കുമെന്നാണ് അവർ നിരൂപിക്കുന്നത്. നിശ്ചയമില്ലാത്ത ജീവിതത്തിനു വേണ്ടി തങ്ങളുടെ അറിവ് തള്ളിക്കളയുവാൻ അവർ തയ്യാറാകുന്നില്ല. പൗലോസ് പറയുന്നതാണ് ലജ്ജിപ്പിപ്പാൻ ദൈവം ഭോഷത്വമായത് തിരഞ്ഞെടുത്തു. ജ്ഞാനികൾ ദൈവത്തെ തിരഞ്ഞെടുക്കുന്നില്ല എന്നുള്ളത് ഒരു വരമാണ്. പ്രത്യുത ദൈവം തിരഞ്ഞെടുക്കുന്നത് ഭോഷന്മാരെ ആണ് എന്നതാണ് സത്യം.

ലൂക്കോസ്:- 19:28-40.

ഈ ഭാഗത്ത് കെട്ടപ്പെട്ട കഴുതയെ കുറിച്ച് പരാമർശിച്ചിരിക്കുന്നു. ക്രൂശീകരണത്തിനു മുമ്പ് യേശുവിന് രാജാവിന്റെ നഗരമായ യെരുശലേമിലേക്ക് പ്രവേശിക്കേണ്ടതായി ഉണ്ടായിരുന്നു. അവൻ ദാവീദിന്റെ പുത്രൻ, എന്നേക്കുമുള്ള രാജാവ്. രാജാധിരാജാവിന്റെ രാജകീയ എഴുന്നള്ളത്തിന്റെ സമയമായിരുന്നു. ആ യാത്രയിൽ തനിക്കൊരു വാഹന മൃഗം ആവശ്യമായിരുന്നു. ഏത് മൃഗമായിരിക്കും അതിന് യോജിച്ചത്?

ആനയാണ് കിഴക്കുള്ള രാജാക്കന്മാർക്ക് പ്രധാനം. പടിഞ്ഞാറൻ രാജാക്കന്മാർക്ക് കുതിരയാണ് പ്രധാനം. മരുഭൂമിയിലെ രാജാക്കന്മാർക്ക് ... ഒട്ടകം പ്രധാനം.

, യേശു അവൻ ഒരു കഴുതയെ തിരഞ്ഞെടുത്തു. തന്റെ ശിഷ്യന്മാരോട് പറഞ്ഞു നിങ്ങൾക്കെതിരെയുള്ള ഗ്രാമത്തിലേക്ക് പോകുക. ആരും ഒരിക്കലും കയറിയിട്ടില്ലാത്ത ഒരു കെട്ടപ്പെട്ട കഴുതയെ നിങ്ങൾ കാണും. എന്തിനാണ് എന്ന് നാം അറിയുന്നില്ല. ചിലപ്പോൾ ഇതിൽ ആരും കയറിയിട്ടില്ല. അതു കൊണ്ടായിരിക്കാം.

ആരും ഇരിക്കുവാൻ ആഗ്രഹിക്കാത്ത ഒരു കഴുത നിമിഷങ്ങൾക്കുള്ളിൽ ഒരു രാജകീയ കഴുതയായി. എല്ലാവരും തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിക്കുവാൻ തുടങ്ങി. അതെ രാജാക്കന്മാരുടെ രാജാവും, കർത്താധി കർത്താവും ആണ് അതിന്മേൽ ഇരിക്കുന്നത്. പൗലോസിന്റെ കാഴ്ചപ്പാടിൽ ദൈവം ഒരു കഴുതയെ തന്റെ വാഹനമായി തിരഞ്ഞെടുത്തത് എന്തിന്? ശ്രീമാൻ ആനയെയും, റവ: കുതിരയെയും, ഡോക്ടർ: ഒട്ടകത്തെയും ലജ്ജിപ്പിക്കുവാൻ വേണ്ടി താൻ ഒരു പെൺ കഴുതയെ തിരഞ്ഞെടുത്തു. അവർ വിചാരിച്ചു അതിനുള്ള യോഗ്യത അവർക്കാണെന്ന്. എന്നാൽ ദൈവം അവരെ യോഗ്യരായി കണ്ടില്ല. അവർ യോഗ്യരെന്ന് വിചാരിച്ചതാണ് അവരുടെ അയോഗ്യത. എന്നാൽ കഴുതയുടെ അയോഗ്യതയായിരുന്നു അതിന്റെ യോഗ്യത. ഒരു ജഡവും ഒരു നാളും പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ. [1 കൊരി. 1:29]

പ്രാർത്ഥന: - കർത്താവേ, ഞാൻ യോഗ്യതയില്ലാത്തവനാണ്. എന്നാൽ നീ എന്നെ തിരഞ്ഞെടുത്തു. നിന്റെ ദയയാൽ ഞാൻ നിന്നിൽ പ്രശംസിക്കേണ്ടതിന് നിന്നിൽ മാത്രം പ്രശംസിക്കുന്നതിന് - കർത്താവേ. ആമേൻ...



# ജനത്തിന്റെ ഇഷ്ടങ്ങളെക്കാൾ ആവശ്യത്തിനു പ്രാധാന്യം കൊടുക്കുക.

ലേഖനം. പാസ്റ്റർ.ബി.മോനച്ചൻ.കായംകുളം.

ജനത്തിന് ഇഷ്ടമുള്ളത് ഉണ്ട്, ആവശ്യമുള്ളതും ഉണ്ട്. ഒരു യഥാർത്ഥ ദൈവഭൃത്യൻ ജനത്തിന്റെ ഇഷ്ടം അറിഞ്ഞു പ്രസംഗിക്കുന്നവനാകരുത്. അവരുടെ ആവശ്യമറിഞ്ഞ് ദൈവിക സന്ദേശം അറിയിക്കുന്നവനായിരിക്കേണം.

ജനത്തിന്റെ ഇഷ്ടത്തെക്കാൾ ആവശ്യത്തിനു പ്രാധാന്യം കൊടുക്കുക.

ലേഖനം - പാസ്റ്റർ. വി. മോനച്ചൻ.

ആധുനിക കാലഘട്ടത്തിലെ മിക്ക സാഹിത്യസൃഷ്ടികളും കലാരൂപങ്ങളും എന്തിന്, പ്രഭാഷണങ്ങൾ പോലും ജനത്തെ രസിപ്പിക്കുവാനും ആനന്ദിപ്പിക്കുവാനുമായിട്ടുള്ളതാണ്. എന്നാൽ ദൈവവചന പ്രഭാഷണങ്ങൾ ജനത്തെ രസിപ്പിക്കുവാനോ കേൾവിക്കാരുടെ കൈയടി വാങ്ങുവാനോ വേണ്ടിയുള്ളതല്ല പ്രത്യുത, അവരെ മാനസാന്തരത്തിലേക്കും മനംതിരിവിലേക്കും വഴിനടത്തുവാനും പാപബോധം ഉളവാക്കുവാനും വേണ്ടിയുള്ളതാണ്. വചനത്താൽ ആശ്വാസം, പ്രത്യാശ, ധൈര്യം എന്നിവ ലഭ്യമാകും. എന്നാൽ ദൈവിക സന്ദേശങ്ങളുടെ കാതൽ മാനസാന്തരവും മടങ്ങിവരവും രൂപാന്തരവും മുന്നറിയിപ്പുമാണെന്ന് എല്ലാ ക്രിസ്തീയ-പ്രഭാഷകരും ഓർക്കണം.

ജനത്തിന് ഇഷ്ടമുള്ളത് ഉണ്ട്, ആവശ്യമുള്ളതും ഉണ്ട്. ഒരു യഥാർത്ഥ ദൈവദാസൻ ജനത്തിന്റെ ഇഷ്ടം അറിഞ്ഞ് പ്രസംഗിക്കുന്നവനാകരുത്. അവരുടെ ആവശ്യമറിഞ്ഞ് ദൈവിക സന്ദേശം അറിയിക്കുന്നവനായിരിക്കണം. ഉദാഹരണത്തിന്, ഒരു പ്രമേഹരോഗിക്ക് ഇഷ്ടം ഹൽവയോ, ലഡുവോ, ജിലേബിയോ ഒക്കെയാണ്. എന്നാൽ അയാൾക്ക് ആവശ്യം പാവയ്ക്കാനീരാണ്. ഹൽവ കൊടുക്കുന്ന അയൽക്കാരനോട് അയാൾക്ക് ഇഷ്ടവും പാവയ്ക്കാനീരു കൊടുക്കുന്ന ഭാര്യയോടു നീരസവും തോന്നാം. എന്നാൽ ഒന്ന് അയാളുടെ ജീവഹാനിക്കു തന്നെ കാരണമാകുന്നതും മറ്റേത് അയാളുടെ ജീവരക്ഷയ്ക്ക് ഉപയുക്തമാകുന്നതുമാണ്.

... ഇന്ന് ജനത്തിന്റെ ആവശ്യമറിഞ്ഞ് വിളമ്പുന്നതിന് പകരം അവരുടെ ഇഷ്ടത്തിനു വിളമ്പുവാൻ പ്രഭാഷകരും സുവിശേഷകരും പ്രവാചകരും തയ്യാറാകുന്നു. ആനന്ദമൂർച്ഛയിലേക്കു ജനം ഇടിച്ചുകയറിയില്ലെങ്കിലേ അത്ഭുതമുള്ളൂ. ആഴമായ പാപബോധമോ വിശ്വാസിയുടെ ഉപദേശമോ നൽകാതെ ഭൗതിക നന്മകളും ഉയർച്ചകളും മാത്രം വാഗ്ദത്തം ചെയ്ത് ഇഷ്ട കാര്യങ്ങൾ സാധിക്കുവാനുള്ള എളുപ്പ വഴിയായി ദൈവിക മാർഗത്തെ വരച്ചു കാണിക്കുന്ന പ്രഭാഷകരുടെ എണ്ണം വർദ്ധിച്ചു-വരുന്നു. ഉപ്പില്ലായ്മയെക്കാൾ അപകടമാണ് ആകാത്ത ഉപ്പ് കഴിക്കുന്നത് എന്നോർക്കണം. ഉപ്പ് ഇല്ലെങ്കിൽ ഇല്ലന്നേ ഉള്ളൂ; വിശന്നു വലഞ്ഞു വരുന്ന ഒരുത്തൻ നല്ല ഉപ്പ് എന്ന ചിന്തയിൽ വിഷക്കായ് ഭക്ഷിച്ചാലോ? ഇവിടെ പകരം മരണമുള്ള ഉപ്പ്!

“ആ മനുഷ്യൻ നീ തന്നെ” എന്നു രാജ്യം ഭരിക്കുന്ന രാജാവിന്റെ മുഖത്തു നോക്കി പറഞ്ഞ നാഥാൻ പ്രവാചകനും, “യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നവൻ നീയും നിന്റെ പിതൃഭവനവും” എന്നു ആഹാബിനോടു പറഞ്ഞ ഏലിയാ പ്രവാചകനും, “മനുഷ്യരോടു അകന്നിരുന്ന് കാട്ടിൽ കാളയെപ്പോലെ പുല്ലു തിന്നട്ടെ നെബൂഖദ്നേസരിന്റെ മകനായ ബേൽശസ്സറേ” എന്നു വിളിച്ച ദാനിയേൽ പ്രവാചകനും, പരീശന്മാരെയും ശാസ്ത്രിമാരെയും മുഖത്തു നോക്കി “സർപ്പസന്തതികളേ” എന്നു വിളിച്ച യോഹന്നാൻ സ്നാപകനും, “അല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും” എന്നു പറഞ്ഞ യേശു കർത്താവും ജനത്തിന്റെ കഠിനമായ രോഗത്തിനു ലഘുവായ ചികിത്സ ചെയ്തവർ അല്ലായിരുന്നു. മറിച്ച് കഠിന-രോഗത്തിനു കഠിന ചികിത്സ തന്നെ നൽകിയവരായിരുന്നു.

ഒരു പ്രാസംഗികൻ ഒരേ സ്ഥലത്തു വീണ്ടും പ്രസംഗത്തിനായി-
ക്ഷണിക്കപ്പെടുമ്പോൾ അയാൾ കരയണം എന്നു ഒരു ലേഖനത്തിൽ
വായിച്ചതായി ഓർക്കുന്നു. ഏതോ പ്രസിദ്ധ ദൈവദാസന്റെ
ഉദ്ധരണിയാണിത്. അതിനു കാരണമായി അദ്ദേഹം പറഞ്ഞത്,
"നിങ്ങൾ വീണ്ടും ക്ഷണിക്കപ്പെടുമ്പോൾ ഓർക്കുക, ഒന്നുകിൽ
നിങ്ങൾ ആദ്യം അവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞത് പൂർണ്ണ-
മായി ജനത്തിനു മനസ്സിലായിട്ടില്ല; അല്ലെങ്കിൽ നിങ്ങൾ പൂർണ്ണമായി-
അവിടെ സത്യം പറഞ്ഞില്ല.' ഈ ലേഖകൻ ഉൾപ്പെടെയുള്ള
പ്രാസംഗികർ ഒരു സ്ഥലത്ത് വീണ്ടും വീണ്ടും പ്രസംഗത്തിനായി
ക്ഷണിക്കപ്പെടുന്നത് ഒരു 'ക്രെഡിറ്റായി' കാണുന്നവരാണ്. എന്നാൽ
ഈ വാചകം എന്നെ ചിന്തിപ്പിച്ചു. എന്നു മാത്രമല്ല മനോഭാവ-
ത്തിനു മാറ്റം വരുത്തി എന്നതാണ് ശരി. ജനം വീണ്ടും വീണ്ടും
നമ്മുടെ പ്രസംഗം കേൾക്കുന്നത് രണ്ടാമത്തെ കാരണംകൊണ്ടാകട്ടെ.
സത്യം പൂർണ്ണമായി പറഞ്ഞതിനാൽ ആരെങ്കിലും നമ്മെ ഒഴിവാ-
ക്കിയെങ്കിൽ അതിൽ സന്തോഷിക്കുക.

യേശു കർത്താവിന്റെയും അപ്പൊസ്തലൻമാരുടെയും
വിശുദ്ധ വേദപുസ്തകത്തിലെ പ്രസിദ്ധ സുവിശേഷകരുടെയും
പ്രവാചകൻമാരുടെയും പ്രസംഗശൈലിയും ജനത്തിന്
അവരുടെ സന്ദേശങ്ങളോടുള്ള പ്രതികരണവും നോക്കിയാൽ
സത്യത്തിനു സാക്ഷി നിൽക്കുന്നവർ പലപ്പോഴും ജനത്തിന്റെ
കണ്ണിലെ കരട് തന്നെയായിരിക്കും എന്നു കാണാം. ലോകം
കണ്ടതിലേക്കും അതുല്യ പ്രാസംഗികനായിരുന്ന നമ്മുടെ കർത്താവി-
ന്റെ പ്രഭാഷണം കേട്ടവരുടെ പ്രതികരണങ്ങൾ നോക്കുക;
അവർ അത്ഭുതപ്പെട്ടു (മത്തായി 9:32-33), വിസ്മയിച്ചു
(മത്തായി 22:33), ഇടറിപ്പോയി (മത്തായി 13:53-57),
പിറുപിറുത്തു (യോഹന്നാൻ. 6:41, 43), കഠിനവാക്ക് എന്നു
പറഞ്ഞു (യോഹന്നാൻ 6:60-61), എറിയുവാൻ കല്ലെടുത്തു.

(യോഹന്നാൻ 8:57-59], കൊല്ലുവാൻ നോക്കി (യോഹ. 4:53).
യേശു തന്റെ ശുശ്രൂഷയുടെ അവസാന ഘട്ടത്തിൽ വാക്കുകൾ
കഠിനമാക്കിയതായി നാം കാണുന്നു. "കപടഭക്തിക്കാരെ, മൂഢന്മാരെ,
കുരുടന്മാരെ, പാമ്പുകളെ, സർപ്പസന്തതികളെ" എന്നൊക്കെ
പരീശന്മാരെയും ശാസ്ത്രിമാരെയും നോക്കി വിളിച്ചു പറഞ്ഞു.
[യോഹ. 18:23-29]. സ്തെഫാനോസ് എന്ന സുവിശേഷകൻ
പ്രസംഗിക്കുമ്പോൾ ജനം കോപാകുലരായി പല്ലു കടിച്ചു.
[അപ്പോ. പ്രവൃ. 7:54-60]. പൗലോസ് പ്രസംഗിച്ചപ്പോൾ,
"ഇവനെ ഭൂമിയിൽ നിന്നും നീക്കിക്കളക" (അപ്പോ. പ്രവൃത്തി. 22:22]
എന്നും "അവന്റെ വായ്ക്ക് അടിക്ക" (അപ്പോ. പ്രവൃ. 23:1-3)
എന്നു മഹാപുരോഹിതനും "നിനക്ക് ഭ്രാന്തുണ്ട്" [അപ്പോ. പ്രവൃ. 26-24
എന്നു ദേശാധിപതിയായ ഫെസ്തൊസും പറഞ്ഞു. അപ്പോൾ തന്നെ
തുയത്തൈരക്കാരിയായ ലുദിയായുടെ ഹൃദയം കർത്താവു തുറന്നു.
(അപ്പ. പ്രവൃ. 16:14). നീതി, ഇന്ദ്രിയജയം, വരുവാനുള്ള
ന്യായവിധി എന്നീ വിഷയങ്ങൾ പൗലോസ് പ്രസംഗിച്ചപ്പോൾ,
ദേശാധിപതിയായ ഫെലിക്സ് ഭയപരവശനായി. "നീ ക്രിസ്ത്യാനി-
ആകുവാൻ എന്നെ അല്പം കൊണ്ടു സമ്മതിപ്പിക്കുന്നു" എന്നു
അഗ്രിപ്പാ രാജാവ് പറഞ്ഞു. (അപ്പോ. പ്രവൃ. 26:27)

ഇതു കൊണ്ട് എന്താണു തെളിയുന്നത്? ഇന്നത്തെ
മുഷിപ്പിക്കുന്ന, വെറുപ്പിക്കുന്ന, അകറ്റുന്ന ഒരു പ്രസംഗകനായിരി-
ക്കുക എന്നതല്ല, ദൈവവചനത്തിൽ കൂട്ടു ചേർക്കാത്തവനായി-
രിക്കുക. [2 കൊരി. 4:2]. സത്യവചനത്തെ യഥാർത്ഥമായി
പ്രസംഗിക്കുക [2 തിമൊ. 2:15]. പാപത്തോടു പോരാടുന്നതിൽ
പ്രാണത്യാഗത്തോളം എതിർത്തു നിൽക്കുക (എബ്രാ. 12:4]
ജനത്തിന്റെ കയ്യടി വാങ്ങുവാനോ അവരെ രസിപ്പിക്കുന്നതിനോ
ഉതകുന്ന തന്ത്രങ്ങൾ നിർത്തി അവർക്കു പാപബോധവും അനുതാപ-
വും വരുത്തുവാൻ, ഇന്നത്തെ ദൈവത്തിങ്കലേക്കു മടക്കി വരുത്തുവാൻ-

ആ ദൈവിക സന്ദേശങ്ങൾ ദൈവത്തിൽ നിന്നു പ്രാപിച്ച്
നൽകുക. ദൈവ വചനം തീ പോലെയും പാറയെ തകർക്കുന്ന-
ചുറ്റിക പോലെയുമാണ്. അതെ, നിങ്ങളുടെ പ്രാർത്ഥനകൾ
ജനഹൃദയങ്ങളിൽ തീ പിടിപ്പിക്കട്ടെ. കഠിനമായ ഹൃദയങ്ങളെ
തകർക്കട്ടെ. തെറ്റിപ്പോയ കുഞ്ഞാടുകളെ പോലെ അത് [illegible]-
[illegible] മാറട്ടെ. അന്ധകാരങ്ങളെപ്പോലും വിറപ്പിക്കുന്ന
സിംഹഗർജ്ജനമായി അവ പരിണമിക്കട്ടെ.



# അനുഗ്രഹം

ലേഖനം. ബെന്നി ജോർജ്ജ് മണലി.

നാം ആത്മീയ അനുഗ്രഹങ്ങളെ കുറിച്ച് ചിന്തിക്കേണ്ട സമയമായി. നാം ആത്മീയ ജീവിതത്തിനുതകുന്ന ഉൾക്കാഴ്ച നമുക്കുണ്ടായാൽ നാം ആത്മീക അനുഗ്രഹങ്ങളെന്നാണ് ചിന്തിച്ചു തുടങ്ങണം.



# അനുഗ്രഹം

ലേഖനം- ബെന്നി ജോർജ്ജ് മണലി

അനുഗ്രഹങ്ങളുടെ കാലമാണിത്. അനുഗ്രഹത്തെ കോടി ഘോഷിക്കുന്നതും, വിൽപന ചരക്കാക്കുന്നതുമായ കാലം. അനുഗ്രഹം മോശമല്ലോ തെറ്റല്ല. എന്നാൽ നമ്മുടെ ലക്ഷ്യം അനുഗ്രഹം (ഭൗതികം) മാത്രമാകുമ്പോൾ അതു പാപമാണ്. യഥാർത്ഥമായി ദൈവം ആഗ്രഹിക്കുന്ന അനുഗ്രഹം എന്താണെന്ന് നാം തിരിച്ചറിയണം. ദരിദ്രൻ സമ്പത്ത് ആഗ്രഹിക്കുന്നതും, രോഗി സൗഖ്യം ആഗ്രഹിക്കുന്നതും തെറ്റാണെന്ന് വചനം പറയുന്നില്ല. ആധുനിക ആത്മീയ ശുശ്രൂഷകർ ഒരു സൂപ്പർമാർക്കറ്റ് കാട്ടി നമ്മെ വഴിതിരിക്കുന്നു എന്നു നമുക്കു തോന്നുന്നു എങ്കിൽ നമുക്ക് ചിന്തിക്കുവാനുള്ള സമയവും പക്വതയും ആയി എന്നു നാം കരുതണം. ... നാം ആത്മീയ അനുഗ്രഹങ്ങളെ കുറിച്ച് ചിന്തിക്കേണ്ട സമയമായി. മനുഷ്യൻ ആത്മീയ ജീവിയാണെന്നുള്ള ഉൾക്കാഴ്ച നമുക്കുണ്ടായാൽ നാം ആത്മീയ അനുഗ്രഹങ്ങളെന്തെന്ന് ചിന്തിച്ചു തുടങ്ങണം. ആ ഉൾക്കാഴ്ച ലഭിച്ചിട്ടും നാം അതിനെ തിരസ്കരിച്ചാൽ നാം പാപികളാണ്. നാം നമ്മുടെ നിത്യത തന്നെ സ്വയം നശിപ്പിക്കുകയാണ്. അപ്പോസ്തലനായ പൗലോസ് എഫേസ്യർക്ക് എഴുതിയ ലേഖനത്തിൽ ആ ആത്മീയ അനുഗ്രഹങ്ങളെ ... ഒന്നൊന്നായി നമുക്ക് പറഞ്ഞു തരുന്നു. ആത്മീയമായി സമ്പന്നരായിരിക്കുന്ന ആ ജനത, ആത്മീയ അനുഗ്രഹങ്ങളെ വേണ്ട രീതിയിൽ തിരിച്ചറി- ഞ്ഞിട്ടുണ്ടാവില്ല.

പൗലോസിന്റെ ജീവിതത്തിലും ഭൗതികവും ആത്മീകവുമായ അനുഗ്രഹങ്ങളുടെ ഒരു വ്യക്തമായ വേർതിരിവ് ദൈവം നല്കി. ആത്മീയ അനുഗ്രഹങ്ങളെ തിരിച്ചറിഞ്ഞ പൗലോസ് അത് തന്റെ ലേഖനങ്ങളിലെല്ലാം പ്രതിപാദിക്കുന്നുണ്ട്

ദമസ്കോസിൻ പടിവാതിലിനു മുൻപുതന്നെ പൗലോസ്
ഭൗതിക അനുഗ്രഹങ്ങളുടെ പ്രതിരൂപമായും, എന്നാൽ ദൈവത്താൽ
തിരഞ്ഞെടുക്കപ്പെട്ട്, ക്രിസ്തുവിനാൽ വേർതിരിക്കപ്പെട്ട്, അറേബ്യൻ
മരുഭൂമിയിലെ അജ്ഞാതവാസത്തിലൂടെ ദൈവം ആത്മീയ
അനുഗ്രഹങ്ങളുടെ ഒരു വാതിൽ തുറന്നു കൊടുത്തു. അത്
സ്വർഗ്ഗത്തിന്റെയും അനന്തര ജീവിതങ്ങളുടെയും ഒരു
യഥാർത്ഥ കാഴ്ചപ്പാടായിരുന്നു. ആത്മീയ അനുഗ്രഹങ്ങൾ
യഥാർത്ഥമായും പൗലോസിന് ദൈവം വെളിപ്പെടുത്തി.
എന്താണ് ആത്മീക അനുഗ്രഹങ്ങൾ അഥവാ യഥാർത്ഥ
അനുഗ്രഹങ്ങൾ എന്നു നമുക്കു ചിന്തിക്കാം.
ഒന്നാമത്തെ നമ്മുടെ അനുഗ്രഹം നമ്മെ സർവ്വ ശക്തനായ
ദൈവം തിരഞ്ഞെടുത്തു എന്നുള്ളതാണ്. അത് ലോകസ്ഥാപന
ത്തിനു മുൻപ്. [എഫേസ്യർ 1: 4-5] അതിന് ഒരു ഉദ്ദേശവും
ദൈവത്തിനുണ്ട്, നാം അവന്റെ സന്നിധിയിൽ വിശുദ്ധരും
നിഷ്കളങ്കരുമാകേണ്ടതിന്, ആ തിരഞ്ഞെടുപ്പ് നടന്നതാകട്ടെ
ലോക സ്ഥാപനത്തിനു മുൻപ്. [1 പത്രോസ് 1:20].
രണ്ടാമത്തെ നമ്മുടെ അനുഗ്രഹം എന്തെന്നാൽ അവൻ നമ്മെ
വേർതിരിച്ചു. സാത്താന്റെ അധീനതയിലായിരുന്ന, ഈ പാപ
ലോകത്തിൽ നിന്നും നമ്മെ വേർതിരിച്ചു. പഴയ നിയമത്തിൽ
പാപത്തിലകപ്പെട്ട മനുഷ്യനിൽ നിന്നും യഹോവ അകന്നു
മാറിയപ്പോൾ [യെശയ്യാവ് 59:2] പുതിയ നിയമത്തിൽ
പാപികളായ നമ്മെ അവൻ വേർതിരിച്ചു. പാപികളായിരിക്കെ
തന്നെ.

മൂന്നാമത്തെ അനുഗ്രഹം അവൻ നമ്മെ മുൻനിയമിച്ചു:
പുത്രത്വത്തിനായി നമ്മെ മുൻ നിയമിച്ചു. അത് ഒരു ദത്തെടുക്കൽ ആയിരുന്നു. ഇന്ന് പുത്രർ ദത്തെടുക്കുമ്പോൾ ചിലതൊക്കെ ... ഗ്യാരണ്ടി ചെയ്യുന്നുണ്ട്. അതു നമ്മെ പുത്രത്വത്തിനായി മുൻ നിയമിച്ച് നമ്മെ അവൻ ദത്തെടുത്തു. അവന്റെ പുത്രന്മാ പുത്രിമാരായി. [എഫെസ്യർ 1:6]

നാലാമത്തെ അനുഗ്രഹം, അവൻ നമ്മെ വീണ്ടെടുത്തു എന്നുള്ളതാണ്. അത് അവന്റെ സ്വന്തരക്തം മറുവിലയായി. മൂലഭാഷയിൽ വീണ്ടെടുപ്പ് എന്നതിന് [Redumption] ഉപയോഗിച്ചിരിക്കുന്ന പദം apolootrosis എന്നതാണ്. അർത്ഥം പ്രതിഫലം നൽകി വീണ്ടെടുത്തിരിക്കുന്നു. [റോമർ 3: 24-25] [കൊലൊസ്യർ 1:13]. ക്രൂശു മരണത്തിൽ സംഭവിച്ചത് അതായിരുന്നു. അവന്റെ രക്തം കൊണ്ട് നമ്മെ അവൻ മോചിപ്പിച്ചു. "It is a great EXCHANGE"

അഞ്ചാമത്തെ അനുഗ്രഹം - ദൈവഹിതത്തിന്റെ മർമ്മം എന്തെന്ന് അറിയുവാൻ ഭാഗ്യം ലഭിച്ചു എന്നുള്ളതാണ്. യേശുക്രിസ്തുവിനു മുൻപുള്ള തലമുറയ്ക്ക് അത് അജ്ഞാതമായിരുന്നു. അവർ അത് അറിയുവാൻ ആഗ്രഹിച്ചിട്ടു കൂടി. ഉല്പത്തിയിൽ ആരംഭിച്ച ദൈവത്തിന്റെ മഹാ പദ്ധതിയുടെ പര്യവസാനം യേശുക്രിസ്തുവിലൂടെയാണ് അവസാനിച്ചത്. .. "It is the longest Project in the World".

ആറാമത്തെ അനുഗ്രഹം - സുവിശേഷം അറിവാനും, അറിയിക്കുവാനും അത് അനുസരിക്കുവാനുമുള്ള മഹാ ഭാഗ്യം നമുക്കു ലഭിച്ചു. അത് വലിയൊരു അനുഗ്രഹമാണ്. ഇത് മുൻ തലമുറക്ക് അപ്രാപ്യമായിരുന്നു. നാം അവന്റെ വചനം കേട്ടു അനുസരിച്ചു. ഇത് ഒരു മഹാഭാഗ്യമല്ലേ. അനുസരണവും, അച്ചടക്കവും മറി

വെളിച്ചത്തിലേക്കും നിത്യതയിലേക്കും നമ്മെ നയിക്കുന്ന യേശുവിന്റെ സുവിശേഷം. അത് കേൾക്കുകയും അത് അനുസരിക്കുകയും ചെയ്യുന്നതാണ് അനുഗ്രഹം.

ഒന്നാമത്തെ അനുഗ്രഹം. - അവനിൽ നാം അവകാശം പ്രാപിച്ചു. [റോമർ 8:29-30]. അവകാശം പുത്രത്വത്തിന്റെതായിരുന്നു. യേശുക്രിസ്തുവിലൂടെ നാം അവന്റെ കൂട്ടവകാശികളായി എല്ലാ സ്വർഗ്ഗീയ നന്മകൾക്കും, നിത്യതയ്ക്കുമുള്ള അവകാശം നമുക്കു ലഭിച്ചു എന്നുള്ളതാണ് ഈ അനുഗ്രഹം.

രണ്ടാമത്തെ അനുഗ്രഹം. - നമുക്കു പരിശുദ്ധാത്മാവിനെ ലഭിച്ചു. അവൻ നമുക്കു കാര്യസ്ഥനായുണ്ട്. പരിശുദ്ധാത്മാവിനാൽ നമ്മെ മുദ്രയിട്ടിരിക്കുന്നു എന്നുള്ളതാണ്. മുദ്രയിടുക എന്ന പ്രക്രിയയിൽ മൂന്ന് .. കാര്യങ്ങളാണ് ഉൾപ്പെടുന്നത്. ഒന്ന് മുദ്രയിടൽ ഇത് ഒറിജിനലാണെന്നും രണ്ടാമതായി അതിന്റെ പരിശുദ്ധി - ഉറപ്പു വരുത്തുന്നതും മൂന്നാമതായി അധികാരം ഏറ്റെടുക്കുന്നതുമാണ്. എന്നാൽ ഇവിടെ പരിശുദ്ധാത്മാവ് സാക്ഷ്യമാണ് നടത്തുന്നത്. പരിശുദ്ധാത്മാവിന്റെ മുദ്രയാൽ നാം വിശുദ്ധരാണെന്നും [റോമർ 8:16 & 8:9] സാക്ഷ്യം പറയുന്നു. നാം വചനം കേൾക്കുമ്പോഴും അനുസരിക്കുമ്പോഴും ഈ മുദ്രയിടിൽ സംഭവിക്കുന്നു. [എഫേസ്യർ 1:13]. നിത്യതയുടെ അവകാശവും, നമുക്കു ദൈവം നിത്യതയിൽ കരുതിയിരിക്കുന്നതുമായവയുടെ ഒരു ഗ്യാരണ്ടിയാണ് പരിശുദ്ധാത്മാവ് ഈ മുദ്രയിലൂടെ നമുക്ക് നൽകുന്നത്. [2 കൊരിന്ത്യർ 5:5]

ആയതിനാൽ നാം കേവലം നശിച്ചു പോകുന്ന ലോക അനുഗ്രഹങ്ങൾക്കായി മാത്രം നമ്മുടെ പ്രാർത്ഥനകളെ ചിലവിടാതെ, നമ്മുടെ ആയുസ്സും ആരോഗ്യവും എല്ലാം നിത്യതയും

ആത്മിക അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനായി ഉപയോഗി-
ക്കുക. ഈ ലോക അനുഗ്രഹങ്ങൾ നൈമിഷികവും
നശ്വരവുമാണ് എന്നാൽ നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ
തന്നെ. [ഫിലിപ്പിയർ 3:20]



# ഉവ്വ് കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു.

ലേഖനം ജസ്റ്റിൻ പൊന്നു. കുമ്പഴ.



ഉവ്വ് കർത്താവേ ഞാൻ നിന്നെ സ്നേഹിക്കുന്നു.

ലേഖനം:- ജസ്റ്റിൻ- കുമ്പഴ.

വായനാ ഭാഗം:- യോഹന്നാൻ 21:15.

"അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രൊസിനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ: ഉവ്വു, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു."

നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണത്തിന് മുൻപ് പത്രൊസിനോട് അവസാനമായി ചോദിച്ച ചോദ്യത്തിന്റെ ഉത്തരമാണ് ഇത്. "ഉവ്വ് കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ട്". എന്നാൽ ഈ ചോദ്യം തന്നെ മൂന്നു വട്ടം പത്രൊസിനോട് ആവർത്തിച്ച് ചോദിക്കുന്നു.

ചിലപ്പോഴും നമ്മൾ പറയും മൂന്നു തവണ തള്ളിപ്പറഞ്ഞ പത്രൊസിനെ കൊണ്ട് മൂന്നു തവണ തിരുത്തി പറയിപ്പിച്ചു എന്ന്. നമ്മുടെ ജീവിതവുമായി ഇതിനെ ഒന്ന് താരതമ്യം ചെയ്താൽ ചിലപ്പോഴൊക്കെ ഇത് ശരിയാണ് എന്ന് തോന്നും. നമ്മൾ വീണു പോയ അതേ സാഹചര്യത്തിൽ തന്നെ ദൈവം നമ്മെ എടുത്ത് ഉപയോഗിക്കാറുണ്ട്. അങ്ങനെ തന്നെ എവിടെ നാം നിന്ദിക്കപ്പെട്ടുവോ അതേ സ്ഥലത്ത് നമ്മെ ദൈവം മാനിക്കുകയും ചെയ്യുന്നു.

സകല നിനവുകളെയും അറിയുന്ന യേശു എന്തുകൊണ്ടായിരിക്കും ഇങ്ങനെ ഒരു ചോദ്യം യേശു ചോദിച്ചത്. പത്രൊസിന് തന്നോട് പ്രിയമുണ്ട് എന്ന് യേശുവിന് അറിയാമായിരുന്നു. തന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ റോമൻ പടയാളും അവന്റെ മേൽ കൈവയ്ക്കുന്ന നിമിഷം വരെ കഷ്ടതയിലും വേദന

യിലും, സന്തോഷത്തിലും കൂടെയുണ്ടായിരുന്ന വ്യക്തിയായിരുന്നു പത്രോസ്. എന്നെ നിങ്ങൾ ആര് എന്ന് തിരിച്ചറിയുന്നു എന്നുള്ള ചോദ്യത്തിനു മുമ്പിൽ പകച്ചു നിന്ന ശിഷ്യൻമാരുടെ ഇടയിൽ നിന്ന് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു പറഞ്ഞുകൊണ്ട് മുമ്പോട്ട് വരുന്ന പത്രോസിനെ നമുക്ക് കാണുവാൻ കഴിയും.

യൂദാസിന്റെ ചതിയിൽ റോമൻ പട്ടാളം യേശു കർത്താവിന്റെ ദേഹത്ത് കൈവച്ചപ്പോൾ തന്റെ കയ്യിൽ ഇരുന്ന വാൾ എടുത്ത് അതിലൊരുവന്റെ കാത് അറുത്തു കളഞ്ഞു. ഇതിലൂടെയൊക്കെ പത്രോസിന്റെ യേശുവിനോടുള്ള സ്നേഹം വ്യക്തമാണ്.

ഞാൻ നീതിമാൻമാരെയല്ല പാപികളെയത്രെ തേടി വന്നതെന്നും, അനുതപിക്കുന്ന പാപിയെ ഓർത്ത് സ്വർഗ്ഗം സന്തോഷിക്കു-ന്നുവെന്ന് പറഞ്ഞ യേശുവിന് വീണുപോയ പത്രോസിനെ വീണ്ടെടു-ക്കുവാൻ കഴിഞ്ഞിരുന്നു. എന്നിരുന്നാലും വീണ്ടും കർത്താവ് പത്രോസിനോട് ചോദിക്കുന്നു നീ എന്നെ സ്നേഹിക്കുന്നുവോ ഇവരിലധികമായി.?

തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നതു പോലെ, വിശ്വാസത്തെ വർദ്ധിപ്പിക്കുകയും, അതിൽ ഉറച്ച് നിൽക്കുവാനും സഹായിക്കുന്നു. പത്രോസിൽ നിന്ന് നഷ്ടപ്പെട്ടു പോയ വിശ്വാസത്തെയും. ധൈര്യത്തെയും വീണ്ടെടുക്കുന്നതിനാണ് കർത്താവ് മൂന്നു പ്രാവശ്യവും ഒരേ ചോദ്യം ചോദിക്കുന്നത്.

'യേശു പത്രോസിനെ നോക്കി നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നിനക്കു കേഫാ എന്നു പേരാകും എന്നു പറഞ്ഞു. അതു പത്രോസ് എന്നാകുന്നു.'. [യോഹന്നാൻ 1:42] പിന്നീട് അവനെ പത്രോസ് എന്ന പേരിൽ അറിയപ്പെട്ടു. എന്നാൽ യേശു ഇവിടെ വീണ്ടും അവനെ യോഹന്നാന്റെ മകനായ ശിമോനെ എന്നാണ് വിളിച്ചത്.

യേശു കർത്താവിന്റെ വീഥിയിൽ ഞാൻ ഉപേക്ഷിച്ച ചില സ്വഭാവങ്ങളും, പ്രവർത്തികളും ഇപ്പോൾ അവനിൽ കാണുന്നുണ്ടെന്ന് അർത്ഥം. ഇത് പത്രോസ് ..., ..., [illegible] കൂടിയാണ്; കർത്താവ് ഈ ചോദ്യം ചോദിച്ചത്.

വെളിപാട് 2: 4-5 ൽ കാണുന്നതു പോലെ ആദ്യ സ്നേഹം വിട്ടു കളഞ്ഞത് മടക്കി കൊണ്ടുവരുവാൻ കൂടിയാണ് യേശു കർത്താവ് പത്രോസിനോട് ഹൃദ്യമായി ആവശ്യപ്പെടുന്നത്. രക്ഷിക്കപ്പെടുന്ന വേളയിൽ ഉപേക്ഷിച്ച സ്വഭാവങ്ങൾ, തെറ്റായ പ്രവർത്തികൾ, വാക്കുകൾ, അരുതാത്ത വാക്കുകൾ, വീണ്ടും പൊടിതട്ടി അതേ സ്ഥാനത്ത് നിന്നു എടുത്തു പോയെങ്കിൽ സംശയം വേണ്ട പത്രോസിനെ പോലെ നാമും യേശുവിന്റെ സ്നേഹത്തിൽ നിന്നും വീണു പോയിരിക്കുന്നു. അതുകൊണ്ടാണ് യേശു വീണ്ടും വീണ്ടും ചോദിക്കുന്നത് നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ? എന്ന്.

യോഹന്നാനിൽ വായിക്കുന്നതുപോലെ "കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പ്പാൻ കഴിയാത്തതു പോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല.

പിതാവു എന്നെ സ്നേഹിക്കുന്നതു പോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തിൽ വസിപ്പിൻ. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതു പോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും.

കർത്താവായ യേശുവിന്റെ കല്പന പ്രമാണിക്കാതെ, അവന്റെ സ്നേഹത്തിൽ വസിക്കാത്ത ഒരു വ്യക്തിക്കു പോലും നിത്യത അവകാശം ആകുവാൻ സാധിക്കയില്ല.

യോഹന്നാൻ 15:6-ൽ പറയുന്നു. "എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പു പോലെ പുറത്ത് കളഞ്ഞിട്ട് അവൻ ഉണങ്ങി പോകുന്നു. അത് വക ചേർത്ത് തീയിൽ ഇടുന്നു. അത് വെന്തുപോകും". യേശു കർത്താവിന്റെ രണ്ടാമത്തെ വരവ് അടുത്തിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധിയോടെ ജീവിക്കുന്നതിനായി, യേശുവിനെ നേടുന്നതിനായി നാം വിട്ടുകളഞ്ഞ അശുദ്ധികൾ വീണ്ടും ജീവിതത്തിൽ ഉണ്ടാകാതിരിക്കുവാൻ പരിശുദ്ധനായ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ.



# പഴയ പാട്ടുകൾ

## സാധു കൊച്ചുകുഞ്ഞുപദേശി രചിച്ച ഗാനങ്ങൾ

പഴയ പാട്ടുകൾ

സാധു കൊച്ചുകുഞ്ഞു ഉപദേശിയുടെ ഗാനങ്ങൾ-

- പല്ലവി -

എന്നിനിക്കെൻ ദുഃഖം തീരുമോ, പൊന്നു കാന്താ നിൻ
സന്നിധിയിലെന്നു വന്നു ചേരും ഞാൻ

- അനുപല്ലവി -

നിന്നെക്കാൾ ഭൂവിലെ സമസ്തം മായയും അന്ത-
ക്ലേശവുമെന്നു ബോധിച്ചേൻ
നിനച്ച വാസ്തവമറിഞ്ഞീ സാധു ഞാൻ പരമനി-
ധാനം തേടിപ്പോകുന്നു

- ചരണങ്ങൾ -

കോഴി തന്റെ കുഞ്ഞുങ്ങളെ എൻ കാന്തനെ
തൻ കീഴിൽ വെച്ചു വളർത്തും മോദമായി
ഒഴിച്ചു സകല ജീവചിന്ത കഴിച്ചു സമസ്തപോരുമതിനായ്
വഴിക്കു നിന്നാൽ വിളിച്ചു കൂവുന്നതിന്റെ ചിറകിൽ
സുഖിച്ചു വസിക്കുവാൻ

തനിച്ചു നടപ്പാൻ ത്രാണി പോരാത്ത കുഞ്ഞി-
നെ താൻ വനത്തിൽ വിടുമോ വാനവും പ്രിയ
അനച്ചപടി വസിപ്പാൻ മർവ്വമതിനുവേ-
ണ്ട സമസ്തവഴിയും.
തനിക്കു ലഭിച്ച കഴിവുപോലെ കൊടുത്ത പോറ്റു-
ന്നതിന്റെ തന്ത്രവും

പാറകളിലും വരുത്താൻ മക്കളെ കഴുകൻ തൻ പുറ-
മേറ്റിച്ചു വരും കനിവുകൊണ്ടതിൽ

ഉറ്റു താഴെ പതിച്ചെന്നൊന്നി പിടച്ചു -
വീഴാൻ തുടങ്ങുന്നേരം
പറ്റു താണിടത്തിനെ ചിറകിൽ വഹിച്ചു
വീണ്ടും നടത്തും തദൃശ്യം

ഉലകിലനർത്ഥം ബഹുലം നായകാ - നിൻ കരം തന്നിൽ
ഉലകിലുള്ള വഴികൾ സമസ്തവും
അലയും തരയ്ക്കു തുല്യം മർത്യർ കാറ്റിൽ
വിറയ്ക്കും മരത്തിനൊപ്പം
വലയുന്നോരിരാത്രിയിൽ മരുജരവിലം
ഭോശശലഭം മുളവും

വരവുനോക്കി കാത്തുനായകാ - തവ പൊൻമുഖത്തിലെ
കരുണയുള്ള കാന്തിവിലസുവാൻ
വരുന്ന നേരമറിഞ്ഞു കൂടാത്തതിനു വാഞ്ഛ മനസ്സിൽ പൂണ്ടു
കുരികിൽ പോലിരുന്നോർന്നു കൂട്ടിൽ തനിച്ചു
കാലം കഴിക്കുന്നെന്നും

ഉണർന്നു വെട്ടം തെളിച്ചു കൂടമായി കന്യകാ(വ -
തരണഞ്ഞു വാനിൽ പൂക്കും നേരത്തിൽ
തണച്ചീ ബന്ധുവിൻ ക്ലേശം പിനിച്ചിടനിക്കും
കൂടാരപ്പുര മാർവിൽ
അണഞ്ഞു വാഴാൻ ഭാഗ്യം തന്നെന്നെ അരുമയു -
ന്നുന്നൻ പോന്നു കാന്തനേ

# ചോദ്യാവലി



## - ചോദ്യാവലി -

1. മെനേ, മെനേ, തെക്കേൽ, ഊഫർസീൻ - ഇതിന്റെ അർത്ഥം?

2. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണ-ദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളിച്ചവരുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും - ഇത് ഏതു കാലത്തിന്റെ ലക്ഷണമാണ്?

3. ബെരോവയിലുള്ളവർ തെസ്സലൊനീക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു എന്നു പറവാൻ കാരണം എന്ത്?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം - agape.magasine@gmail.com or agape@agapemagazine.com

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

1. മോശെയുടെ മാതാവിന്റെ പേര്? - യോഖേബെദ്
2. മോശെ എവിടെ വച്ചാണ് മരിച്ചത്? - മോവാബ് ദേശത്തു വച്ച്.
3. എന്തുകൊണ്ടാണ് മോശെ ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിച്ചത്?
   പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു. [എബ്രായർ 11: 25-26]

ശരിയുത്തരം അയച്ചവർ: ഷൈബു വർഗ്ഗീസ്, ദുബായ്, ഷീന ലിയോൺ ദുബായ്.

agape

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine